ഉത്തരം

(എ) ഇ.എം.എസ്. ഭവന പദ്ധതി പ്രകാരം 31-01-2011 വരെ കണ്ണൂർ ജില്ലയിൽ 3314 വീടുകളും കാസർഗോഡ് ജില്ലയിൽ 1194 വീടുകളും നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) (എ) ഇ.എം.എസ്. ഭവന പദ്ധതി പ്രകാരം കണ്ണൂർ ജില്ലയിൽ 4959 വീടുകളുടെയും കാസർഗോഡ് ജില്ലയിൽ 3980 വീടുകളുടെയും നിർമ്മാണം പൂർത്തീകരിക്കാൻ ബാക്കിയുണ്ട്.

കൊയിലാണ്ടി മണ്ഡലത്തിലെ ഇ. എം. എസ്. ഭവന പദ്ധതി

144 (352) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ ചേമഞ്ചേരി, ചെങ്ങോട്ടുകാവ്, മൂടാടി, തിക്കോടി, പയ്യോളി, തുറയൂർ, കീഴരിയൂർ ഗ്രാമ പഞ്ചായത്തുകളിലും കൊയിലാണ്ടി നഗരസഭ എന്നിവിടങ്ങളിലായി ഇ.എം.എസ് ഭവന പദ്ധതി പ്രകാരം എത്ര പേർക്ക് ധന സഹായം നല്കിയെന്നും ഇതിനായി എത്ര രൂപ ചെലവായെന്നും വ്യക്തമാക്കുമോ ?

ഉത്തരം

കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ വിവിധ ഗ്രാമപഞ്ചായത്തുകളിൽ ഇഎംഎസ് ഭവന പദ്ധതി പ്രകാരം ധനസഹായം നൽകിയ ഗുണഭോക്താക്കളുടെ എണ്ണവും ചെലവഴിച്ച തുകയും സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

ഗ്രാമപഞ്ചായത്തിന്റെ പേര്	ധനസഹായം നൽകിയ ഗുണഭോക്താക്കളുടെ എണ്ണം	ചെലവഴിച്ച തുക രൂപ
ചേമഞ്ചേരി	158	6310000
ചെങ്ങോട്ടുകാവ്	124	1142000
കീഴരിയൂർ	130	5017500
പയ്യോളി	165	9452350
മൂടാടി	135	4456000
തിക്കോടി	130	3013500
തുറയൂർ	51	2771050
ആകെ	893	25852400

കൊയിലാണ്ടി നഗരസഭയെ സംബന്ധിക്കുന്ന വിവരങ്ങൾ ശേഖരിച്ചു വരുന്നു.

വടകരാഞ്ചേരി മണ്ഡലത്തിലെ ഇ.എം.എസ്. ഭവനപദ്ധതി

145(353) ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളിൽ ഇ.എം.എസ്. ഭവന പദ്ധതി പ്രകാരം എത്ര വീടുകൾ നിർമ്മിക്കാനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഓരോ പഞ്ചായത്തിലും അനുവദിച്ച വീടുകളുടെയും പൂർത്തീകരിച്ച വീടുകളുടെയും വിവരം ലഭ്യമാക്കുമോ ;

(സി) ഏതെങ്കിലും പഞ്ചായത്ത് ഈ പദ്ധതി നടപ്പിലാക്കാതിരുന്നിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ?

ഉത്തരം

(എ) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളിൽ ഇ.എം.എസ്. ഭവന പദ്ധതി പ്രകാരം ലക്ഷ്യമിട്ട വീടുകളുടെ വിവരം ചുവടെ ചേർക്കുന്നു:

ഗ്രാമപഞ്ചായത്തിന്റെ പേര്	ലക്ഷ്യമിട്ട വീടുകളുടെ എണ്ണം
വടക്കാഞ്ചേരി	163
തെക്കുംകര	150
കാട്ടകാമ്പാൽ	102
കടവല്ലൂർ	200
കടങ്ങോട്	90
എരുമപ്പെട്ടി	170
വേലൂർ	210
മുണ്ടത്തിക്കോട്	229
ആകെ	1314

ഗ്രാമപഞ്ചായത്തിന്റെ പേര്	അനുവദിച്ച വീടുകളുടെ എണ്ണം	പൂർത്തീകരിച്ച വീടുകളുടെ എണ്ണം
വടക്കാഞ്ചേരി	163	45
തെക്കുംകര	150	90
കാട്ടകാമ്പാൽ	102	58
കടവല്ലൂർ	200	95
കടങ്ങോട്	90	38
എരുമപ്പെട്ടി	170	71
വേലൂർ	210	84
മുണ്ടത്തിക്കോട്	229	67
ആകെ	1314	549

(സി) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഇ.എം.എസ്. ഭവന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly